# പള്ളികഥകൾ

## മിനികഥകൾ അറുപത്തിഒന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ ഇപ്പോൾ അമേരിക്കയിലെ ഒരു സ്ഥലത്തു നടന്നസംഭവമാണ് പറയാൻപോകുന്നത്. ഏകദേശം ഇതേ രൂപത്തിലുള്ള മറ്റു കഥകളും ജോസഫച്ചൻ പറഞ്ഞിട്ടുണ്ട്. കേരളത്തിൽ ജനിച്ചു വളന്ന് അവിടുത്തെ സംസ്ക്കാരവുമായി കഴിഞ്ഞ ശേഷം അമേരിക്കയിൽ വരുന്ന വൈദികക്കും വൈദിക ശ്രേഷ്ഠന്മാക്കും സാധാരണ സംഭവിക്കാറുള്ള കാര്യമാണിത്.

# സുഗന്ധം

ചാക്കോച്ചനും ശോശ്ശാമ്മയും അമേരിക്കയിൽ വന്നിട്ട് ഇപ്പോൾ ഏകദേശം മുപ്പതു വഷമായി. അവരുടെ ഏക മകളുടെ വിവാഹവും കഴിഞ്ഞ് അവർ മാറി താമസിക്കുകയാണ്. ചുരുക്കി പറഞ്ഞാൽ ഇപ്പോൾ അവർ രണ്ടു പേരും മാത്രമാണുള്ളത്. രണ്ടുപേരും മുഴുവൻ സമയ ജോലിക്കാരുമാണ്. അവക്ക് രണ്ടു പേക്കും സോഷ്യൽ സെക്ക്യൂരിറ്റി പണം മുഴുവനായും കിട്ടുന്നുണ്ട്. അല്ലാതെ നമ്മുടെ ചില മലയാളികൾക്കു സംഭവിക്കുന്നതുപോലെ അറുപത്തിരണ്ടാം വയസിലേ സോഷ്യൽ സെക്യൂരിറ്റിയുടെ കുറച്ചു തുക വാങ്ങി പൂണ്ണ സമയം ജോലി ചെയ്ത് മുഴുവൻ തുകയും വാങ്ങാൻ കഴിയാതെ, വഷാവസാനമാകുമ്പോൾ ഏകദേശം രണ്ടു മാസത്തോളം ജോലി ചെയ്ത് പണം സമ്പാദിക്കാൻ സാധിക്കാതെ വരുന്ന ഗതികേടിലല്ല അവർ.

അവർ ഇപ്പോൾ താമസിക്കുന്നതു തന്നെ നല്ല ഒരു ബംഗ്ലാവിലാണ്. എന്നാൽ വാദ്ധ്യക്യ കാലത്ത് രണ്ടു പേക്കും വലിയ ആശയം പുത്തനൊരു ബംഗ്ലാവ് അവർ രൂപകല്പന ചെയ്യുന്നതുപോലെ പണികഴിപ്പിച്ച് താമസിച്ചാലെന്താ. ആവശ്യത്തിൽ കൂടുതൽ പണം കയ്യിലുമുണ്ട് കൂടാതെ നല്ല വരുമാനവും ഉണ്ട്. കിട്ടുന്ന പണം മുഴുവനും പലയിനത്തിലുള്ള കരമായി കൊടുത്ത് കളയേണ്ടതില്ലല്ലോ. സാധാരണ എല്ലാ അമേരിക്കയിലുള്ള മലയാളികളേയും വീടു വാങ്ങാൻ പ്രേരിപ്പിക്കുന്നതു തന്നെ ഈ ഒരു കാരണമാണ്. അതല്ലങ്കിൽ അമേരിക്കയിലെ ജീവിതത്തിൽ കിട്ടുന്ന പണം മുഴുവനും പലയിനങ്ങളിലായി കരമായി വാങ്ങിച്ചു കൊണ്ടു പോകും. അങ്ങിനെ അവരും പുത്തനൊരു ബഗ്ലാവു പണികഴിപ്പിച്ച് അതിൽ താമസമായിട്ട് ഏകദേശം ആറു മാസം കഴിഞ്ഞു.

ഈ സമയത്താണ് നാട്ടിൽ നിന്ന് എഴുപതിൽ കവിഞ്ഞ പ്രായമുള്ള കോരുതു അച്ചൻ വിസിറ്റിംഗ് വിസായിൽ അമേരിക്കയിൽ വന്നത്. അച്ചന്റെ സഹോദരന്റെ പുത്രനും കുടുംബവും അമേരിക്കയിൽ ഒരിടത്ത് ഉണ്ട്. അവർ വേണ്ട പേപ്പർ എല്ലാം ചെയ്തുകൊടുത്താണ് അച്ചൻ വന്നിട്ടുള്ളത്. നമ്മുടെ ചാക്കോച്ചൻ ശോശ്ശാമ്മയുടെ വിവാഹ കൂദാശയും ഈ അച്ചനാണ് നടത്തിയത്. കൂടാതെ ഇവരുടെ രണ്ടു പേരുടേയും കുടുംബങ്ങളേയും അച്ചനറിയാം. സത്യത്തിൽ അടുത്തടുത്ത വീടുകളിൽ താമസിച്ചിരുന്ന ഇവർ ചെറുപ്പം മുതലേ സ്നേഹത്തിലായിരുന്നു. ചാക്കോച്ചൻ ഫാർമസിക്കും ശോശ്ശാമ്മ നേഴ്സിംഗും പഠിച്ചു കഴിഞ്ഞപ്പോൾ ഈ നമ്മുടെ കോരുതച്ചനും ഒത്താശ ചെയ്തുമെല്ലാമാണ് അവരുടെ വിവാഹം നടന്നത്. അവരിൽ ഒരു വീട്ടുകാക്ക് സാമ്പത്തിക പ്രശ്നവും പ്രാരാബ്ധവുമുണ്ടായിരുന്നു. തന്മൂലം മറ്റെ വീട്ടുകാക്ക് അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. എന്നാൽ കോരുതച്ചനും കൂടി ഇടപെട്ട് ആയിരുന്ന അന്നാവിവഹം നടത്തിയത്. അപ്പോൾ അച്ചൻ അമേരിക്കയിൽ വന്നിട്ടുണ്ടെന്ന് കേട്ടപ്പോൾ ഇവക്ക് ഇവരുടെ പുത്തൻ വീട്ടിൽ വിളിച്ച് സൽക്കരിക്കണമെന്നും ആഗ്രഹം ഉണ്ടായി.

അച്ചൻ അവരുടെ പുത്തൻ ബംഗ്ലാവ് കണ്ട് വളരെ ഇഷ്ടപ്പെട്ടു. എല്ലാ ആധുനീക സൗകര്യങ്ങളുമുള്ള നല്ല വീട് എന്നാണ് അച്ചന്റെ അഭിമതം. കൂടാതെ അവരുടെ കൂടെ കുറച്ചു ദിവസം താമസിച്ചപ്പോഴത്തെ അവരുടെ പ്രാത്ഥനാ ജീവിതവുമെല്ലാം ഏറെ ഇഷ്ടപ്പെട്ടു.

അച്ചൻ ഏകദേശം ഒരാഴ്ചയോളം അവരുടെ കൂടെ താമസമുണ്ട്. സാധാരണ അമേരിക്കയിൽ താമസിക്കുന്ന മലയാളികൾ പലതരത്തിൽ ജീവിക്കുന്നവരാണ്. ചിലർ ദീഘകാലത്തേക്കുള്ള ഭക്ഷണസാധനങ്ങൾ വാങ്ങി സംഭരിച്ചിരിക്കും. ചിലർ ചുരുക്കം ദിവസങ്ങളിലേക്കുള്ളതേ കരുതാറുള്ളു. മറ്റു ചിലർ കടയിൽ പോയി കൂടുതൽ കൂടുതൽ പുത്തനായിട്ടുള്ളത് വാങ്ങി കഴിക്കാമെന്ന ധാരണയിൽ ആണ് ജീവിക്കുന്നത്. ഇവർ കുറച്ചു ദിവസങ്ങളിലേക്കുള്ളതേ കരുതാറുള്ളു. പ്രത്യേകിച്ച് അവരുടെ പ്രിയപ്പെട്ട അച്ചൻ വരുമ്പോൾ കൂടുതൽ പുതുമയുള്ള നല്ല ഭക്ഷണം കൊടുക്കണമെന്നാഗ്രഹം അവക്കുണ്ട്. കൂടാത്തതിന് അച്ചൻ വിവഹം കഴിക്കാത്തതും സസ്യഭുക്കുമായ അച്ചനാണ്.

അച്ചൻ അവിടെ വന്ന് ഏകദേശം നാലു ദിവസം കഴിഞ്ഞപ്പോൾ അവർ ഭാര്യാഭത്താക്കന്മാർ രണ്ടു പേരും കൂടെ അച്ചനെ തനിയെ ആക്കിയിട്ട് സാധനങ്ങൾ വാങ്ങാൻ കടയിൽ പോയി. ഉച്ച ഭക്ഷണം കഴിഞ്ഞ സമയമാണ്. സാധാരണ എല്ലാ ദിവസവും അച്ചൻ ഈ സമയങ്ങളിൽ അച്ചൻ ഉറങ്ങുന്ന പതിവുണ്ട്. അപ്പോൾ അച്ചൻ ഉറങ്ങി എഴുന്നേൽക്കുമ്പോഴേക്കും അവിടെ വളരെ അടുത്തുള്ള കടയിൽ പോയി വന്നാൽ മതിയല്ലോ. അച്ചനോടും പ്രത്യേകം പറഞ്ഞിട്ടാണ് അവർ കടയിലേക്ക് പോയത്.

അവർ പോയി കഴിഞ്ഞപ്പോൾ അച്ചന്റെ മനസ്സിൽ കൂടെ ഒരു നല്ല ആശയം കടന്നു. ഇത്രയും നല്ല ഇവരുടെ വീടു മുഴുവനും ഇവർ വരുമ്പോഴേക്കും സുഗന്ധപൂരിതമാക്കിയിരിക്കണം. അച്ചൻ കേരളത്തിൽ നിന്ന് നല്ല വില കൂടിയ ചന്ദനതിരികൾ വാങ്ങി വന്നിട്ടുണ്ട്. ഇവർ ഈ വീട്ടിലെല്ലാം എപ്പോഴും ഏതാണ്ട് സ്പ്രേ ചെയ്ത് സുഗന്ധം വരുത്തുന്നതു കണ്ടിട്ടുണ്ട്. എത്രയായാലും നമ്മുടെ നാട്ടിലെ നല്ല സാമ്പ്രാണിത്തിരിയുടെ അത്രയും മണം വേറെ വല്ലതിനും വരുമോ.

അച്ചൻ ഓരോ മുറിയിലും ഓരോ മെഴുകുതിരിയുടെ കഷണങ്ങൾ എടുത്തു് ഓരോ ടേബിൾ ടിഷു പേപ്പറിന്റെ മുകളിലായി വെച്ചിട്ട് അതിന്മേൽ ഓരോ ചന്ദനത്തിരിയും കത്തിച്ചു വെച്ചു. അപ്പോൾ ചാരം വീണാൽ ഇത്രയും നല്ല കാപ്പറ്റിന്റെ മുകളിൽ വിഴത്തില്ലല്ലോ.

ആ വീട്ടിലെ ടിഷു ആണെങ്കിൽ അവർ എപ്പോഴെങ്കിലും മക്ക്ഡോളാണിലോ, കെന്റക്കി ചിക്കനിലേ പോകുമ്പോൾ വാരി എടുത്തു കൊണ്ടു വരുന്നതാണ് ഉപയോഗിക്കുന്നത്. എന്തായാലെന്താ, കൈ തുടച്ചാൽ പോരെ. അങ്ങിനെ അച്ചൻ എല്ലാ മുറികളിലും ചന്ദനത്തിരി കത്തിച്ചു വെച്ചിട്ട് പോയികിടന്നുറങ്ങി. നമ്മുടെ നാട്ടിലെ ഈ തിരികളിൽ നിന്നും തീപൊരികൾ സാധാരണ ഉതിന്ന് വീഴുന്നതുപോലെ ഇവിടേയും സംഭവിച്ചു. താഴെ വീണ പൊരികൾ താഴെ കിടന്ന ടിഷു പേപ്പറിൽ വീണ് കത്തി കാപ്പറ്റേൽ തീ പടന്ന് പിടിക്കാൻ തുടങ്ങി. എന്തായാലും അധികം ആളി കത്തുന്നതിന് മുമ്പായി ചാക്കോ ശോശ്ശാമ്മ ദമ്പതികൾ എത്തി. പെട്ടന്ന് അഗ്നിശമനക്കാരെ വിളിച്ച് എല്ലാം കെടുത്തി. പുത്തൻ വീടായിരുന്നെങ്കിലും ആ കാപ്പറ്റിന്റെ നിറം അന്നുമുതൽ ശോശ്ശാമ്മയ്ക്കിഷ്ടമില്ലായിരുന്നത് ഇൻഷുറൻസുക്കാരെക്കൊണ്ട് മാറ്റി വെപ്പിച്ചു.